പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1213 — 05.03.2020 -ൽ മറുപടിയ്ക്ക്

## വില്ലേജ് ആഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആഫീസിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;<br><br>(ബി) എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളിലാണ് മാറ്റം വരുത്തിയതെന്നറിയിക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്.<br>വില്ലേജോഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ആധുനിക മുറി നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ പ്ലാൻ സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 2019-20 പ്ലാൻ സ്കീം പ്രകാരം 50 സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം 100 വില്ലേജോഫീസ് കെട്ടിടങ്ങളിൽ അധികമുറി നിർമ്മാണം, 50 വില്ലേജോഫീസുകളിൽ അറ്റകുറ്റപണികൾ, 50 വില്ലേജോഫീസുകളിൽ ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ളതാണ്. |

(സി) 2019-20 സാമ്പത്തിവർഷം ഇതിനായി എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ എത്ര രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) 2019-20 സാമ്പത്തിവർഷം പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സ്മാർട്ട് റവന്യൂ ഓഫീസ് നിർമ്മാണം (50 വില്ലേജോഫീസുകൾ) | 2200 ലക്ഷം |
| 2 | വില്ലേജോഫീസുകളുടെ അറ്റകുറ്റപ്പണികൾ (80 വില്ലേജോഫീസുകൾ) | 400 ലക്ഷം |
| 3 | വില്ലേജോഫീസുകളുടെ ചുറ്റുമതിൽ നിർമ്മാണം (80 വില്ലേജോഫീസുകൾ) | 400 ലക്ഷം |
| 4 | വില്ലേജോഫീസുകളിൽ അധികമുറി നിർമ്മാണം (1000 വില്ലേജോഫീസുകൾ) | 1000 ലക്ഷം |
| | **ആകെ** | **4000 ലക്ഷം** |

27/02/2020 വരെ ആകെ 11,00,91,228/- രൂപ (പതിനൊന്ന് കോടി തൊണ്ണൂറ്റിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തിയെട്ട് രൂപ) ടി നിർമ്മാണ പ്രവർത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) ബജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(ഡി) ട്രഷറി നിയന്ത്രണം നിലവിലുള്ളതിനാൽ ബില്ലുകൾ മാറി നൽകാൻ കാലതാമസം വരുന്നതിനാലാണ് കരാറുകാർ നിർമ്മാണ പ്രവർത്തനം നിർത്തി വച്ചിട്ടുള്ളത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേന ബാങ്കുകൾ വഴി ബിൽ മാറി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**